കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ:B2/101/2025-SEC തീയതി: 20-08-2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

1. എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർ
2. എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ & സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതുതിരഞ്ഞെടുപ്പ് 2025 - വോട്ടർ പട്ടിക പുതുക്കൽ - ഹിയറിംഗിന് അവസരം നൽകുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:- 19.07.2025-ലെ കമ്മീഷന്റെ ഇതേ നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2025-ലെ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുവരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർ പട്ടിക പുതുക്കൽ നടപടികൾ സൂചന ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി പൂർത്തിയാക്കി അന്തിമ വോട്ടർ പട്ടിക 30-08-2025 ന് പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

ഇതുമായി ബന്ധപ്പെട്ട് ഹിയറിംഗിന് നിശ്ചയിച്ച് നൽകിയ അവസാന തീയതിക്കുശേഷവും ഹിയറിംഗിൽ പങ്കെടുക്കാത്തവർക്ക് അവസരം നൽകുന്ന വിഷയത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യക്തത ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ഹിയറിംഗിൽ പങ്കെടുക്കാനുള്ള അപേക്ഷകർക്ക്/ആക്ഷേപകർക്ക് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നതിന് തൊട്ട് മുൻപുള്ള ദിവസം വരെ അവസരം നൽകണമെന്ന് നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 20-08-2025 19:56:38

PRAKASH.B.S
SECRETARY

പകർപ്പ്:- കമ്മീഷണറുടെ പി.എസ്

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033.
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in